**സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മെംബർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: ശ്രീമതി. അനുപമ T.V ഐ.എ.എസ്, വനിതാ ശിശു വികസന ഡയറക്ടർ)**

വിഷയം :വനിതാ ശിശു വികസന വകുപ്പ് .-ഐ.സി.പി.എസ്.-എസ്.സി.പി.എസ്.-"ഉജ്ജ്വല ബാല്യം പുരസ്കാരം 2020" -പരിപാടി സംഘടിപ്പിക്കുന്നതിന് ആവശ്യമായ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. സർക്കാർ ഉത്തരവ് സ.ഉ (സാധാ) നമ്പർ.67/2021/WCDD തീയതി :13.10.2021
2. ഈ ഓഫീസിലെ 13.10.2021 ലെ ഇതേ നമ്പർ സർക്കുലർ.

## *ഉത്തരവ് നമ്പർ:* ICPS-4(A)/116/21 *തീയതി*: 28.02.2022

കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം, പരിസ്ഥിതി സംരക്ഷണം, ഐ.ടിമേഖല, കൃഷി, മാലിന്യ മാലിന്യസംസ്കരണം, ജീവകാരുണ്യം പ്രവർത്തനം, ക്രാഫ്റ്റ്, ശില്പനിർമ്മാണം, അസാമാന്യ ധൈര്യത്തിലൂടെ നടത്തിയ പ്രവർത്തനം എന്നീ മേഖലകളില് നിന്നും അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ 6-11 വയസ്സ്, 12-18 വയസ് എന്നീ 2 വിഭാഗങ്ങളിലായി തരം തിരിച്ച് ഓരോ വിഭാഗങ്ങളിലെയും ഓരോ കുട്ടിക്ക് പുരസ്കാരവും 25,000/- രൂപ വീതവും നൽകുന്നതിനായി ആകെ 18,00,000/- രൂപ അനുവദിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിട്ടുണ്ട്. 2020 "ഉജ്ജ്വല ബാല്യം പുരസ്കാരം" നൽകുന്നതുമായി ബന്ധപ്പെട്ട് പരാമർശം 2 നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ നടപടി സ്വീകരിച്ച് തിരഞ്ഞെടുത്ത കുട്ടികളുടെ വിശദവിവരം ലഭ്യമാക്കിയിട്ടുണ്ട് . തെരഞ്ഞെടുത്ത കുട്ടികൾക്ക് 25000/-രൂപയും സർട്ടിഫിക്കറ്റും ട്രോഫിയും അടങ്ങുന്ന പുരസ്കാരം 2022 മാർച്ച് 20 മുൻപായി അതാത് ജില്ലകളിൽ തന്നെ സംഘടിപ്പിച്ച വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട് . മേൽ സാഹചര്യത്തിൽ ഉജ്ജ്വല ബാല്യം പുരസ്കാര വിതരണത്തിനായി ജില്ലാ തലത്തിൽ പരിപാടി സംഘടിപ്പിക്കുന്നതിനും,അവാർഡ് ദാനത്തിനായുള്ള ട്രോഫി,സർട്ടിഫിക്കറ്റ് മറ്റു ചിലവുകൾക്കുമായി ചുവടെ ചേർക്കുന്ന പ്രകാരം ഒരു ജില്ലയ്ക്ക് 5000/- രൂപാ നിരക്കിൽ ആകെ 70000/- രൂപാ തുക അനുവദിച്ച് ഉത്തരവാകുന്നു

| Sl.No | District | Amount |
|---|---|---|
| 1 | DCPU Thiruvananthapuram | 5000 |
| 2 | DCPU Kollam | 5000 |
| 3 | DCPU Pathanamthitta | 5000 |
| 4 | DCPU Alappuzha | 5000 |

| | | |
|---|---|---|
| 5 | DCPU Kottayam | 5000 |
| 6 | DCPU Idukki | 5000 |
| 7 | DCPU Ernakulam | 5000 |
| 8 | DCPU Thrissur | 5000 |
| 9 | DCPU Palakkad | 5000 |
| 10 | DCPU Malappuram | 5000 |
| 11 | DCPU Kozhikode | 5000 |
| 12 | DCPU Wayanad | 5000 |
| 13 | DCPU Kannur | 5000 |
| 14 | DCPU Kasargod | 5000 |
| | **Grant Total** | **70000** |

ടി തുക 70,000/- രൂപ (എഴുപതിനായിരം രൂപ മാത്രം) ICPS-ന്റെ ശീർഷകമായ 2235-02-102-36-02 -(P)യിൽ നിന്നും അതാതു ജില്ലകളിലെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുടെ പേരിൽ അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതും, ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ തുക മേല് പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നത് പ്രകാരം അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

വനിത ശിശു വികസന ഡയറക്ടർ&
മെമ്പർ സെക്രട്ടറി,SCPS

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

**പകർപ്പ്:**

1. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
2. സൂപ്രണ്ട് A സെക്ഷന്(അല്ലോട്ട്മെന്റ്)
3. ICPS 4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

CHILD DEVELOPMENT DEPARTMENT